I ഇ.ബി. XIII-കേരള നിയമസഭ/XVI-4

# പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2016 ഫെബ്രുവരി 10, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തരസമയം)

**അടിയന്തരപ്രമേയ നോട്ടീസ്**

മി. സ്പീക്കർ: റൂൾ 50 അനുസരിച്ച് അടിയന്തരപ്രമേയത്തിന് നോട്ടീസ് ലഭിച്ചിട്ടുണ്ട്. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 52 (7) ൽ "ഇന്ത്യയുടെ ഏതെങ്കിലും ഭാഗത്ത് വിചാരണ അധികാരമുള്ള ഏതെങ്കിലും നിയമ കോടതിയുടെ പരിഗണനയിലിരിക്കുന്ന കേസ് അടിയന്തരപ്രമേയത്തിൽ പ്രതിപാദിക്കാൻ പാടില്ല" എന്ന് വ്യക്തമായി

പറയുന്നതിനാൽ അത്തരം വിഷയങ്ങൾക്ക് അനുമതി നൽകുന്നത് ശരിയല്ല. ഇന്നലെ സമാനമായ മറ്റൊരു വിഷയത്തിന് ചെയറിന്റെ പ്രത്യേക അധികാരം ഉപയോഗിച്ചുകൊണ്ട് അനുവാദം നൽകിയത് വിമർശന വിധേയമാകുകയുണ്ടായി. അതുകൊണ്ട് അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണ അനുമതി നിഷേധിച്ചു)

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം അവരവരുടെ ഇരിപ്പിടങ്ങളിൽ നിന്ന് എഴുന്നേറ്റ് പ്ലക്കാർഡുകളും ബാനറും ഉയർത്തിപ്പിടിച്ച് മുദ്രാവാക്യം വിളിച്ചുകൊണ്ട് ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിന് മുന്നിൽ നിലയുറപ്പിച്ചു)

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> ഇന്ന് ഒരു പുതിയ വിഷയത്തെക്കുറിച്ചാണ് നോട്ടീസ് നൽകിയിട്ടുള്ളത്. സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഗുരുതരമായ പ്രശ്നമാണ്. നന്ദിപ്രമേയം ചർച്ച ചെയ്യുന്ന ദിവസം അടിയന്തര പ്രമേയം ചർച്ച ചെയ്യാൻ പാടില്ലെന്ന് ചട്ടത്തിൽ വ്യവസ്ഥയില്ല. അവതരണാനുമതി ആവശ്യപ്പെടാനുള്ള ഒരു അംഗത്തിന്റെ അവകാശം നിഷേധിച്ചുകൊണ്ട് റൂൾ-50 ഇല്ലാതാകുന്ന അവസ്ഥയ്ക്ക് ചെയർ കൂട്ടുനിൽക്കരുത്.

ശ്രീ. സി. ദിവാകരൻ: നിയമസഭാ നടപടികളിൽ ബഹുമാനപ്പെട്ട സ്പീക്കർക്കുള്ള പരമാധികാരത്തെ ചോദ്യം ചെയ്യാൻ കോടതിക്കുപോലും സാധ്യമല്ല. ഇന്നത്തെ അടിയന്തരപ്രമേയ വിഷയം കോടതിയുടെ പരിഗണനയിലില്ലാത്തതാണ്.

മി. സ്പീക്കർ: എഴുതി നൽകിയ അടിയന്തരപ്രമേയ നോട്ടീസിൽ കോടതിയുടെ കാര്യം വ്യക്തമായി പറയുന്നുണ്ട്. കോടതിയുടെ പരിഗണനയിലുള്ള വിഷയം നിയമസഭയിൽ അടിയന്തരപ്രമേയമായി അവതരിപ്പിക്കാൻ കഴിയില്ല.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): റൂൾ 50 അനുവദിക്കുന്നില്ലെങ്കിൽ സഭ നടത്തിക്കൊണ്ടുപോകേണ്ട ആവശ്യമില്ല.

(പ്രതിപക്ഷാംഗങ്ങൾ ബഹളം വയ്ക്കുകയും മുദ്രാവാക്യം വിളിക്കുകയും ചെയ്തുകൊണ്ട് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

## ശ്രദ്ധക്ഷണിക്കൽ

തടയണപ്പാലം പദ്ധതികൾ നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. റ്റി.എ. അഹമ്മദ് കബീർ: സംസ്ഥാനത്തെ സ്വാഭാവിക കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും ജലസേചന പദ്ധതികൾ വിജയകരമായി നടപ്പിലാക്കുന്നതിനും കൂടുതൽ തടയണപ്പാലം പദ്ധതികൾ നടപ്പിലാക്കുന്നതിനും

അടുത്ത  ബഡ്ജറ്റിൽ മുൻഗണന നൽകണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): തടയണപ്പാലം പദ്ധതികൾ എത്രയും വേഗം പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ശ്രീ. കെ. രാജു സീറ്റിൽ ഇല്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല. സബ്മിഷൻ റദ്ദുചെയ്യുന്നുവെന്നും അവയുടെ മറുപടി ബന്ധപ്പെട്ട മന്ത്രിമാർ അംഗങ്ങൾക്ക് നൽകണമെന്നും സ്പീക്കർ  അറിയിച്ചു)

**മേശപ്പുറത്തുവച്ച കടലാസുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം  അനുസരിച്ചുള്ള  കടലാസുകൾ മേശപ്പുറത്തുവച്ചു.

**ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച**

ശ്രീ. കെ. മുരളീധരൻ: സാധാരണക്കാരെ സഹായിക്കുന്ന പദ്ധതി മുതൽ ഹൈടെക് പദ്ധതി വരെ ഈ സർക്കാർ നടപ്പിലാക്കി. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് ഒരു രൂപ നിരക്കിൽ  അരി വിതരണം ചെയ്യുന്ന പദ്ധതി പ്രാവർത്തികമാക്കി. മുടങ്ങിക്കിടന്ന റേഷൻ കാർഡ് വിതരണം പൂർത്തീകരിക്കുന്നതിനും  കാരുണ്യ പദ്ധതി പ്രകാരം ലക്ഷക്കണക്കിന് ആളുകൾക്ക് ചികിത്സാ ധനസഹായം നൽകുന്നതിനും സാധിച്ചു.  മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിക്ക് യു.എൻ-ന്റെ അംഗീകാരം ലഭിച്ചതും വിഴിഞ്ഞം പദ്ധതി

നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചതും കരമന-കളിയിക്കാവിള റോഡ് പ്രാവർത്തികമാക്കിയതും കൊച്ചി മെട്രോ യാഥാർത്ഥ്യമാക്കിയതും അഭിമാനാർഹമായ കാര്യങ്ങളാണ്. ലൈറ്റ് മെട്രോ പ്രോജക്ട് നടപ്പാക്കിയതും കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള നിർമ്മാണം പൂർത്തീകരിച്ചതും സർക്കാരിന്റെ നേട്ടങ്ങളാണ്. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ നിയോജക മണ്ഡലാടിസ്ഥാനത്തിൽ നിരവധി നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. പട്ടികജാതി മേഖലയിലുൾപ്പെടെ കൂടുതൽ മെഡിക്കൽ കോളേജുകൾ ആരംഭിച്ചത് സ്വാഗതാർഹമാണ്. മലയാളഭാഷയ്ക്ക് ശ്രേഷ്ഠഭാഷാ പദവി നേടിയെടുക്കാനായതും മലയാളം സർവ്വകലാശാല ആരംഭിക്കാനായതും ശ്ലാഘനീയമാണ്. സാംസ്കാരിക രംഗത്തുൾപ്പെടെ നിരവധി നേട്ടങ്ങൾ കൈവരിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തിന്റെ വികസനത്തെ തടയുന്ന നിലപാടുകൾ സ്വീകരിക്കുന്നതിൽനിന്ന് പ്രതിപക്ഷം പിൻമാറണം.

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് നന്ദിപ്രമേയ ചർച്ചയ്ക്ക് നോട്ടീസ് കൊടുത്തിട്ടുള്ള മറ്റംഗങ്ങൾ സംസാരിക്കുകയുണ്ടായില്ല.)

സഭ രാവിലെ 10.19-ന് പിരിഞ്ഞു.

*************